Diwan Bahadur Dr. V. Verghese.—The depressed condition of the applicant is not a sufficient qualification to do the work of the Assistant Surgeon. He ought to have professional qualifications. He must have had a University career, and he has to do a very important duty.

പ്രസിഡെണ്ട്.—അസിസ്റ്റണ്ട് സർജ്ജൻ, സബ്ബ് അസിസ്റ്റണ്ട് സർജ്ജൻ എന്ന് രണ്ടുഗ്രേഡുണ്ട്. അതിൽ അസിസ്റ്റണ്ട് സർജ്ജന് വലിയ സംഗതികളിൽ ഏർപ്പെടേണ്ടിവരും. അതുകൊണ്ട് പരീക്ഷായോഗ്യതയും കൂടുതൽ വേണം. സബ്ബ് അസിസ്റ്റണ്ട് സർജ്ജന് L. M. P. ആയിരുന്നാലും മതി. ഒഴിവുവന്നതു് അസിസ്റ്റണ്ട് സർജ്ജൻ ഉദ്യോഗമാണു്. അതുകൊണ്ട് മിസ്റ്റർ കൊച്ചുണ്ണിക്കു് കൊടുക്കാൻ സാധിച്ചില്ല.

മിസ്റ്റർ കെ. പി കറുപ്പൻ—ഉദ്യോഗം ഒഴിവു വന്നപ്പോൾ സബ്ബ്സിലിരുന്നവർക്കു് കയറാം നല്ലപോലെയിട്ട് ഇയാളെ നിയമിക്കാൻ പാടില്ലായിരുന്നൊ?

പ്രസിഡെണ്ട്.—അതു പാടില്ല. അധികൃതർക്കു് വല്ല ഗുണവും ചെയ്യുന്നതിനായി മറുള്ളവരെ കയറാം ചെയ്യുന്നതു് ശരിയായിരിക്കുകയില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഇനി ഉണ്ടാവുന്ന ഒഴിവുകളിലെങ്കിലും മിസ്റ്റർ കൊച്ചുണ്ണിയെ നിയമിക്കാൻ ദയവുണ്ടാകുമൊ?

President.—He wants the promise that Mr. Kochunni's case will be considered.

Diwan Bahadur Dr. V. Verghese.—I don't think I can hold out any definite promise to that effect. However, as the applicant belongs to the depressed class, I think I can consider his case, when a vacancy occurs.

പ്രസിഡെണ്ട്.—ഇനി ഉണ്ടാവുന്ന ഒഴിവുകളിൽ അയാളുടെ അപേക്ഷയിന്മേൽ തരം ഉണ്ടെങ്കിൽ പ്രത്യേകം ദൃഷ്ടിപതിച്ചു വേണ്ടതു ചെയ്യും.

Arayans, Valans and others in the Police Department.

266. മിസ്റ്റർ. കെ. പി. കറുപ്പൻ.—താഴെചേർക്കുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ.—

(ഛ) അരയർ, വാലന്മാർ മുതലായ ധീവരവർഗ്ഗക്കാരിൽ നിന്നും പോലീസുവകുപ്പിൽ പ്രവേശനത്തിനു് എത്ര അപേക്ഷകൾ കിട്ടീട്ടുണ്ടു്;

(ഛ) അപേക്ഷകന്മാരിൽ എത്രപേർക്കു ഉദ്യോഗം കൊടുത്തിട്ടുണ്ടു്;

(ന) ആകെയുള്ള വാല, അരയ പോലീസ്സുകാരിൽ സ്ഥിരക്കാരുടേയും പകരക്കാരുടേയും സംഖ്യകളെ സദയം പ്രകാശിപ്പിക്കുമൊ;

(ര) (എ) ഇപ്പോൾ കരുപ്പടന്ന സ്റ്റേഷൻ ഇൻചാർജ്ജായിരിക്കുന്ന മിസ്റ്റർ ടി. എ. ശങ്കരൻ പോലീസ്സിൽ അംഗീകരിക്കപ്പെട്ടിട്ടു് എത്ര വത്സരമായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യോഗ്യത (qualification) കൊണ്ടു് മിസ്റ്റർ ശങ്കരനേക്കാൾ താഴ്ന്ന നിലയിലുള്ള എത്ര കൺസ്റ്റേബിൾമാരെ പകരമായിട്ടൊ സ്ഥിരമായിട്ടൊ ഹേഡ് കൺസ്റ്റേബിൾ പദത്തിലേക്കു് ഉയർത്തപ്പെട്ടിട്ടുണ്ടു്?

മിസ്റ്റർ ഷേക്കു് അബ്ദുൽ ഖാദർ സാഹിബു് ബഹദൂർ.—(എ) രണ്ടു്.

(ബി) ആകെയും കൊടുത്തിട്ടില്ല.

(സി) ഏഴു് (മൂന്നസ്ഥിരക്കാരും, നാലു പകരക്കാരും).

(ഡി) (എ) നാലുസംവത്സരമായി.

(ബി) ആരേയും ഇല്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—മിസ്റ്റർ ശങ്കരൻ ര് കൊല്ലമായി വെറും കാൺസ്റ്റേബിളാണല്ലൊ? കയറാൻ കൊടുക്കാത്തകാരണം എന്താണെന്നു് അറിയിക്കാമൊ?

മിസ്റ്റർ ഷേക്കു് അബ്ദുൽഖാദർ സാഹിബു് ബഹദൂർ.—ശങ്കരന്റെ കയ്യത്തിൽ പ്രത്യേകാ ദൃഷ്ടിപതിക്കുന്നതാണു്.

President.—You will have an eye on this Sankaran.

Mr. Sheik Abdul Qadir Sahib Bahadur.—Yes, I will have.

267. മിസ്റ്റർ കെ. പി. കറുപ്പൻ.—(എ) ഈ സംസ്ഥാനത്തിൽ അധികൃതക്കു് സർക്കാർ സർവ്വീസ്സിൽ അവരുടെ സമുദായസംഖ്യ അനുസരിച്ചു് പ്രവേശനം ലഭിക്കപ്പെടുന്നില്ലെന്നു് ഒരു ആക്ഷേപമുള്ളതായി പോലീസ്സു് കമ്മിഷണർക്കറിയാമൊ;

(ബി) ഉണ്ടെങ്കിൽ രായസവേലയിലും സമർത്ഥനെന്നു് മേലധികാരികളാൽ സമ്മതിക്കപ്പെട്ടിരിക്കുന്ന യുവാവും ഇംഗ്ലീഷും മലയാളവും ഒരുപോലെ തടവുകൂടാതെ സംസാരിക്കുവാനും എഴുതുവാനും കഴിയുന്നവനും ദുഡഗാത്മനും ആയ വാലൻ മിസർ ടി. എ. ശങ്കരനെ വെറും ഒരു പോലീസ്സുകാരന്റെ പദത്തിൽതന്നെ ഇട്ടുവാട്ടുന്നതിന്റെ രഹസ്യം എന്താണെന്നു് സദയം പറയുമൊ?

മിസ്റ്റർ. ഷേക്കു് അബ്ദുൽഖാദർ സാഹിബു് ബഹദൂർ.—(എ) അറിയാം.

(ബി) തക്കതായ അവസരം വരുമ്പോൾ അയാൾക്കു് പ്രമോഷനുള്ള അവകാശത്തെക്കുറിച്ചു് ആലോചിക്കുന്നതാണു്.

Pulayas in the Police Department.

268. മിസ്റ്റർ. കെ. പി. കറുപ്പൻ.—പുലയരുടെ ഇടയിൽ നിന്നും ആരെങ്കിലും പോലീസ്സിൽ ചേരുവാൻ അപേക്ഷ അയച്ചിട്ടുണ്ടൊ?

മിസ്റ്റർ ഷേക്കു് അബ്ദുൽ ഖാദർ സാഹിബു് ബഹദൂർ.—ഇല്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—പുലയരിൽ ദുഡഗാത്മന്മാരായ വളരെ ചെറുപ്പക്കാരുണ്ടു്. അവരെ പോലീസ്സു് വകുപ്പിൽ നിയമിച്ചുകൂടെ?

പ്രസിഡെണ്ടു്.—അവരിൽ വല്ലവരേയും ഉത്സാഹിപ്പിച്ചു് അപേക്ഷ അയപ്പിക്കരുതെ? തക്കതായ ആളുകൾ ഉണ്ടായിരുന്നാൽ കമ്മിഷ്ണർ അവർക്കു് ഉദ്യോഗം കൊടുക്കും. അല്ലെങ്കിൽ എന്തുകൊണ്ടു് ക

LIBRARY ARCHIVES Kerala Legislative Assembly